

# ജാമിഅ മില്ലിയ്യക്ക് ന്യൂനപക്ഷ പദവി അനുവദിക്കുക

**ഗൂഢാലോചനകൾ കരുതിയിരിക്കണമെന്ന് ദൽഹിയിൽ സംഘടിപ്പിച്ച സെമിനാർ**

**2009** ജനുവരി രണ്ടിന് ന്യൂദൽഹിയിൽ ചേർന്ന ഒരു സുപ്രധാന യോഗം ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യക്ക് ന്യൂനപക്ഷ പദവി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെട്ടു. ജാമിഅ ടീച്ചേഴ്സ് അസോസിയേഷനാണ് യോഗം വിളിച്ചു ചേർത്തത്. മുൻ എം.പി സയ്യിദ് ശഹാബുദ്ദീൻ, മൗലാനാ മഹ്മൂദ് മദനി, നുസ്രത്ത് അലി, ഡോ. സഫറുൽ ഇസ്‌ലാം ഖാൻ, ഡോ. മുഹമ്മദ് അദീബ് എം.പി, മൗലാനാ അഹ്മദ് അലി ഖാസിമി, മൗലാനാ മുഹമ്മദ് റഫീഖ് ഖാസിമി, മൗലാനാ ഫാറൂഖി, ഡോ. എസ്.ക്യു.ആർ ഇൽയാസ് തുടങ്ങിയ നിരവധി പ്രമുഖർ പങ്കെടുത്തു. ജാമിഅ ടീച്ചേഴ്സ് അസോസിയേഷന്റെ മുൻ പ്രസിഡന്റ് മുഹമ്മദ് റഊസ് ഖാനാണ് അധ്യക്ഷത വഹിച്ചത്.



അർജുൻ സിംഗ്

ചർച്ചയിൽ പങ്കെടുത്തവർ ജാമിഅ ഒരു ന്യൂനപക്ഷ സ്ഥാപനമാണെന്നതിന് നിരവധി തെളിവുകൾ നിരത്തി. 1. ഭരണഘടനയുടെ ഖണ്ഡിക 30(1) പ്രകാരം ജാമിഅ ഒരു ന്യൂനപക്ഷ സ്ഥാപനമാണ്. ഖിലാഫത്ത് -നിസ്സഹകരണ പ്രസ്ഥാനങ്ങൾ ഒന്നിച്ച് ബ്രിട്ടീഷുകാർക്കെതിരെ സമര പരിപാടികൾ നടത്തിക്കൊണ്ടിരിക്കെ, ഭരണകൂടം നടത്തുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ബഹിഷ്കരിക്കണമെന്ന മഹാത്മാ ഗാന്ധിയുടെ ആഹ്വാനത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് 1920ൽ മുസ്‌ലിംകളാണ് ഇത് സ്ഥാപിച്ചത്. ഇതൊരു ചരിത്ര വസ്തുതയാണ്.

2. വിദ്യാർഥി പ്രവേശനവുമായി ബന്ധപ്പെട്ട് ദൽഹി ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ആഫ്താബ് ആലം (LPA No. 132/1997), സാജിദ് അഹ്മദ് (WP(C) 10529/05) കേസുകളിൽ, 1920ൽ സ്ഥാപിക്കപ്പെട്ടതു മുതൽ ഇതൊരു ന്യൂനപക്ഷ സ്ഥാപനമാണ് എന്നായിരുന്നു ജാമിഅ അധികൃതരുടെ വാദം.

3. 1860ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം 1939ലാണ് ജാമിഅ രജിസ്റ്റർ ചെയ്യപ്പെട്ടത്. ഇതിൽ ജാമിഅയുടെ ലക്ഷ്യങ്ങൾ ഇങ്ങനെ വിവരിക്കുന്നു: "ഇന്ത്യൻ പൗരന്മാർക്ക്, പ്രത്യേകിച്ച് മുസ്‌ലിംകൾക്ക് മതപരവും മതേതരവുമായ അറിവ് പകർന്നു കൊടുക്കുക, അത് ദേശീയ ജീവിതത്തിന്റെ

ആവശ്യങ്ങൾക്കൊത്ത് ഭദ്രമായ അടിത്തറയിൽ ആയിരിക്കുക- ഈ ലക്ഷ്യങ്ങൾക്കായി ജാമിഅ കാമ്പസിലും കേന്ദ്ര ഭരണപ്രദേശമായ ദൽഹിയിലും അപ്പപ്പോൾ വേണ്ട സ്ഥാപനങ്ങൾ തുടങ്ങും."

4. 1962ൽ ജാമിഅക്ക് കൽപിത (Deemed) സർവകലാശാലാ പദവി ലഭിച്ചു. പക്ഷേ, അതുമൂലം ജാമിഅയുടെ ന്യൂനപക്ഷ സ്വഭാവത്തിന് ഒരു മാറ്റവും വന്നിരുന്നില്ല. 1988ൽ പാർലമെന്റ് പാസ്സാക്കിയ ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യ ആക്ടിലൂടെ അതിന് 'കേന്ദ്ര സർവകലാശാല' പദവി ലഭിച്ചു. ഈ ആക്ടിലൂടെ ജാമിഅ മില്ലിയ്യയുടെ സ്വത്തുവകകൾ കൈവശം വെച്ചിരുന്ന ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യ സൊസൈറ്റി പിരിച്ചുവിടുകയും വസ്തു സംബന്ധമായ സകല അവകാശങ്ങളും അധികാരങ്ങളും ആക്ടിലെ വകുപ്പ് 4(i) പ്രകാരം 'കേന്ദ്ര സർവകലാശാല'ക്ക് സ്വന്തമാവുകയും ചെയ്തു.

5. 1997 മെയ് 9-ന് ജാമിഅയുടെ എക്സിക്യൂട്ടീവ് കൗൺസിൽ, ന്യൂനപക്ഷ പദവി സംബന്ധമായി പാസ്സാക്കിയ പ്രമേയത്തിൽ ഇങ്ങനെ പറയുന്നു: "ജാമിഅ മില്ലിയ്യ നമ്മുടെ ഭരണഘടനയുടെ സ്വതന്ത്രവും മതനിരപേക്ഷവുമായ ചൈതന്യം ആവാഹിക്കുന്നു. അതേസമയം ഈ സ്ഥാപനം ഇന്ത്യൻ മുസ്‌ലിംകളുടെ വിദ്യാഭ്യാസപരവും ബുദ്ധിപരവുമായ അഭിലാഷങ്ങളെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ ജാമിഅയുടെ ചരിത്രപരമായ പദവി നിലനിർത്താൻ അതിനെ ഒരു ന്യൂനപക്ഷ സ്ഥാപനമായി പ്രഖ്യാപിക്കേണ്ടതുണ്ട്."

6. 1997 മെയ് 6-ന് ദേശീയ ന്യൂനപക്ഷ കമീഷൻ, മാനവ വിഭവശേഷി മന്ത്രാലയത്തിന് നൽകിയ നിരദേശം (NCM/SR/97/26) ഇപ്രകാരമായിരുന്നു: "ജാമിഅ മില്ലിയ്യയുടെ ന്യൂനപക്ഷ സ്വഭാവം സംരക്ഷിക്കാൻ ജാമിഅ ആക്ട് (1988)ൽ വേണ്ട ഭേദഗതികൾ വരുത്തണം."

7. 1997 ആഗസ്റ്റ് ഒന്നിന് ജാമിഅയുടെ ന്യൂനപക്ഷ പദവി സംബന്ധിച്ച ചോദ്യം രാജ്യസഭയിൽ ഉന്നയിക്കപ്പെട്ടപ്പോൾ ഗവൺമെന്റ് ഇങ്ങനെ മറുപടി നൽകി: "യൂനിവേഴ്സിറ്റികൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നൽകുന്ന വിഷയം സുപ്രീംകോടതിയുടെ പതിനൊന്നംഗ ബെഞ്ചിന്റെ പരിഗണനയിൽ ഇരിക്കുന്നതിനാൽ ഗവൺമെന്റിന് ഈ ഘട്ടത്തിൽ അതുസംബന്ധിച്ച് ഒരു തീരുമാനം പറയാൻ കഴിയില്ല."

8. 2002-ൽ സുപ്രീംകോടതിയുടെ പതിനൊന്നംഗ ബെഞ്ച് ടി.എം.എ. പൈ കേസിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ന്യൂനപക്ഷ പദവി സംബന്ധിച്ച ദുരൂഹതകൾ നീക്കിയിരുന്നു. കോടതി നിരീക്ഷിച്ചു: "ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിന് ഗവൺമെന്റ് ധനസഹായം നൽകുന്നതോടുകൂടി ആ സ്ഥാപനത്തിന്റെ ന്യൂനപക്ഷ പദവി ഇല്ലാതാകുന്നില്ല. അതിനാൽ ധനസഹായം ലഭിക്കുന്ന ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനത്തിന്, ആ ന്യൂനപക്ഷ വിഭാഗത്തിൽ പെടുന്ന വിദ്യാർഥികൾക്ക് പ്രവേശനം നൽകാനുള്ള അവകാശമുണ്ടായിരിക്കും. അതേസമയം ന്യൂനപക്ഷ വിഭാഗത്തിൽ പെടാത്തവർക്ക് ന്യായമായ രീതിയിൽ പ്രവേശനം അനുവദിക്കുകയും വേണം."

9. 2006 ഏപ്രിൽ മൂന്നിന് മാനവ വിഭവശേഷി മന്ത്രാലയം ജാമിഅ മില്ലിയ്യയിലേക്ക് ഒരു നിർദേശം അയച്ചു (D.O. No F-61 2006-Desk(u)). മുസ്‌ലിം ന്യൂനപക്ഷത്തിൽ പെടുന്ന വിദ്യാർഥികൾക്ക് ഏറ്റവും ചുരുങ്ങിയത് 50 ശതമാനം സീറ്റെങ്കിലും നൽകാൻ നടപടികൾ സ്വീകരിക്കണം എന്നായിരുന്നു നിർദേശം. പക്ഷേ മന്ത്രാലയത്തിന്റെ ഈ നിർദേശം ജാമിഅ മില്ലിയ്യയുടെ അക്കാദമിക് കൗൺസിലിന്റെയോ എക്സിക്യൂട്ടീവ് കൗൺസിലിന്റെയോ മുമ്പാകെ എത്തുകയുണ്ടായില്ല.

10. ജാമിഅ ടീച്ചേഴ്സ് അസോസിയേഷൻ, ജാമിഅ പൂർവ വിദ്യാർഥി സംഘടന, ജാമിഅ വിദ്യാർഥി യൂനിയൻ എന്നിവ നാഷ്നൽ കമീഷൻ ഫോർ മൈനോറിറ്റി എജുക്കേഷനൽ ഇൻസ്റ്റിറ്റ്യൂഷൻ (NCMEI) മുമ്പാകെ ജാമിഅക്ക് ന്യൂനപക്ഷ പദവി നൽകണമെന്ന് ആവശ്യപ്പെട്ട് ഹരജികൾ നൽകിയിരുന്നു. ഏറ്റവും പിന്നാക്കം നിൽക്കുന്ന മുസ്‌ലിം കുട്ടികൾക്ക് ചുരുങ്ങിയത് 50 ശതമാനം സീറ്റ് നൽകണമെന്നും അവർ ആവശ്യപ്പെട്ടു.

11. 2008 മെയ് 14ന് ചേർന്ന വൈസ് ചാൻസലർമാരുടെ യോഗത്തിൽ വെച്ച് കേന്ദ്ര മാനവ വിഭവശേഷി മന്ത്രി അർജുൻ സിംഗ്, ജാമിഅ മില്ലിയ്യയുടെ പ്രത്യേക ചരിത്ര പശ്ചാത്തലം പരിഗണിക്കുമ്പോൾ അവിടെ ഒ.ബി.സി സംവരണം നടപ്പാക്കാനാവില്ലെന്നും ആ നിയമത്തിന്റെ പരിധിയിൽ ജാമിഅ വരില്ലെന്നും വ്യക്തമാക്കിയിരുന്നു.

12. ന്യൂനപക്ഷ കമീഷന് മുമ്പാകെ വന്ന പരാതികളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ജോയിന്റ് സെക്രട്ടറി സുശീൽ കുമാർ ഗവൺമെന്റ് നിലപാട് ഇങ്ങനെ വ്യക്തമാക്കി: "ന്യൂനപക്ഷ പദവി സംബന്ധിച്ച് മറ്റൊരു സർവകലാശാലയായ അലീഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റിയുടെ കാര്യവും സുപ്രീം കോടതിയുടെ പരിഗണനയിലാണ്. അസീസ് പാഷ കേസിൽ 'യൂനിവേഴ്സിറ്റി സ്ഥാപിക്കൽ' എന്ന പ്രയോഗത്തിന്റെ വ്യാഖ്യാനം ചോദ്യം ചെയ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിലെ സുപ്രീം കോടതി പരാമർശം ജാമിഅക്കും ബാധകമായേക്കും."

പ്രശ്നം സുപ്രീം കോടതിയുടെ പരിഗണനയിലാണെന്നും ഒന്നും ചെയ്യാൻ നിവൃത്തിയില്ലെന്നും പറയുന്ന ഇതേ സുശീൽ കുമാർ തന്നെയാണ്, മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നിർദേശങ്ങൾക്ക് കടകവിരുദ്ധമായി 2008 ജൂലൈ ഏഴിന് ജാമിഅയിൽ ഒ.ബി.സി സംവരണം നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് കത്തയച്ചത്.

13. സച്ചാർ കമ്മിറ്റി റിപ്പോർട്ട് പുറത്തു വന്നതിനു ശേഷം ടെക്നിക്കൽ-പ്രഫഷണൽ വിദ്യാഭ്യാസ മേഖലയിൽ മുസ്‌ലിംകൾ വളരെ പിന്നാക്കമാണെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അവരുടെ വിദ്യാഭ്യാസ നില മെച്ചപ്പെടുത്തുന്നതിന് പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാനുള്ള സന്നദ്ധത ഗവൺമെന്റ് പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഈയൊരു സന്ദർഭത്തിൽ കേന്ദ്ര ഗവൺമെന്റ് ആദ്യം ചെയ്യേണ്ടത്, മുസ്‌ലിംകൾ നിർമിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവർക്കു തന്നെ വിട്ടുകൊടുക്കുകയും അവയുടെ പ്രയോജനം അവർക്ക് പരമാവധി ലഭ്യമാക്കാൻ സൗകര്യമൊരുക്കിക്കൊടുക്കുകയുമാണ്.

14. 'സെൻട്രൽ എജുക്കേഷനൽ ഇൻസ്റ്റിറ്റ്യൂഷൻ ആക്ട് (പ്രവേശന സംവരണം) 2006' എന്ന പുതിയ നിയമം ജാമിഅക്കും ബാധകമാക്കണമെന്ന് ചില വിവരദോഷികൾ പറഞ്ഞുനടക്കുന്നുണ്ട്. ഈ ആക്ട് നടപ്പാക്കപ്പെടുന്നതോടെ ജാമിഅയുടെ ന്യൂനപക്ഷ സ്വഭാവം ഇല്ലാതാകും. മുസ്‌ലിം വിദ്യാർഥികളുടെ ന്യായമായ അവകാശങ്ങൾ നിഷേധിക്കപ്പെടലാകും അതിന്റെ ഫലം.

15. അതേസമയം ഈ ആക്ടിലെ 4(C)യിൽ വളരെ വ്യക്തമായി പറയുന്നുണ്ട്, ഈ നിയമം ന്യൂനപക്ഷ വിദ്യാലയങ്ങൾക്ക് ബാധകമല്ലെന്ന്. ഈ നിയമത്തിൽ 2(f)ൽ ന്യൂനപക്ഷ സ്ഥാപനത്തെ ഇങ്ങനെ നിർവചിക്കുന്നു: "ന്യൂനപക്ഷ സ്ഥാപനം എന്നാൽ, ഭരണഘടനയുടെ 30 (1) പ്രകാരം ന്യൂനപക്ഷങ്ങൾ സ്ഥാപി

ക്കുകയും നടത്തിവരികയും ചെയ്യുന്ന സ്ഥാപനം എന്നാണർഥം. ഗവൺമെന്റിന് നേരിട്ടോ പാർലമെന്റിലെ നിയമനിർമാണം വഴിയോ 2004ലെ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപന നിയമത്തിന്റെ കീഴിലോ ഒരു സ്ഥാപനത്തിന് ന്യൂനപക്ഷ പദവി നൽകാവുന്നതാണ്."

16. 2008 ഡിസംബർ 23-ന് ജാമിഅ ടീച്ചേഴ്സ് അസോസിയേഷൻ കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രി എ.ആർ ആന്തുലെക്ക് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ജാമിഅക്ക് എത്രയും പെട്ടെന്ന് ന്യൂനപക്ഷ പദവി നൽകണമെന്നും ഒ.ബി.സി സംവരണം അനുവദിക്കരുതെന്നും അധ്യാപക നിയമനത്തിൽ എസ്.സി/എസ്.ടി ക്വാട്ട വർധിപ്പിക്കാനുള്ള നീക്കം തടയണമെന്നും അതിൽ ആവശ്യപ്പെട്ടിരുന്നു.

ഈ വസ്തുതകൾ സർക്കാറിന്റെയും പൊതുജനങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരാനാണ് സെമിനാർ സംഘടിപ്പിച്ചത്. അലസത വെടിഞ്ഞ്, ജാമിഅ മില്ലിയ്യക്ക് ന്യൂനപക്ഷ പദവി നേടിയെടുക്കാൻ ഒറ്റക്കെട്ടായി രംഗത്തിറങ്ങണമെന്ന് സെമിനാർ ആഹ്വാനം ചെയ്തു. ■

(*ദഅ്വത്ത്* 2009 ജനുവരി 7)